സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ തസ്തികയിലെ ഉദ്യോഗസ്ഥ ലീവ് കഴിഞ്ഞ് തിരികെ പ്രവേശിപ്പിക്കുന്നതിന് അനുവദിച്ചും അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ/അഡ്മിനിസ്ട്രേറ്റീവ് ആഫീസർ തസ്തികയിലെ ഉദ്യോഗസ്ഥയെ ജൂനിയർ സൂപ്രണ്ട്/സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിലേക്ക് റിവർട്ട് ചെയ്തും ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ഉത്തരവ് നമ്പർ: ROC No. 5600/12/Est-1** നന്തൻകോട്, **26/04/2018**

---

പരാമർശം :- 1) 01-03-2018 ലെ ROC No. 5600/12/Est-1(i) നമ്പർ ഉത്തരവ്.
2) ശ്രീമതി. വിജയകുമാരി അമ്മ. ജി. യുടെ 31-03-2018 ലെ അപേക്ഷ.
3) ബഹു: ഹൈക്കോടതിയുടെ 12-04-2018 ലെ WP(C) 7287 of 2017 നമ്പർ ഉത്തരവ്.

## ഉത്തരവ്

മാവേലിക്കര ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആയിരുന്ന ശ്രീമതി. പി.എസ്. ശ്രീജയയെ ജൂനിയർ സൂപ്രണ്ട്/സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ആഫീസർ തസ്തികയിൽ റിവർട്ട് ചെയ്ത ഒഴിവിൽ കൊട്ടാക്കര അസിസ്റ്റന്റ് ഓഡിറ്റ് ആഫീസർ ആയിരുന്ന ശ്രീമതി. വിജയകുമാരി അമ്മ. ജി യെ മാവേലിക്കര ഗ്രൂപ്പ് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആയി പരാമർശം 1 -ൽ സ്ഥലംമാറ്റി

റിവർഷൻ സംബന്ധിച്ച് ശ്രീമതി. പി.എസ്. ശ്രീജയ ബഹു: ഹൈക്കോടതിയിൽ കേസ്സ് ഫയൽ ചെയ്തതിനെ തുടർന്ന് ടിയാളെ റിവർട്ട് ചെയ്തത് ബഹു: ഹൈക്കോടതി ഒരാഴ്ചത്തേയ്ക്ക് സ്റ്റേ ചെയ്തു..

അസുഖ സംബന്ധമായി 05-02-2018 മുതൽ 31-03-2018 വരെ ശൂന്യവേതന അവധിയിലായിരുന്ന ശ്രീമതി. വിജയകുമാരി അമ്മ. ജി. 01-04-2018 മുതൽ സർവ്വീസിൽ തിരികെ പ്രവേശിക്കുന്നതിന് അനുവദിക്കണമെന്ന് വിവരിച്ച് പരാമർശം 1 -ൽ അപേക്ഷ സമർപ്പിച്ചു.

ടി സ്റ്റേ ഉത്തരവ് മാറ്റി ശ്രീമതി. പി.എസ്. ശ്രീജയയെ റിവർട്ട് ചെയ്യുന്നതിന് ബഹു: ഹൈക്കോടതിയുടെ അനുവാദം ലഭ്യമാക്കുന്നതിന് ലാ ആഫീസറെ ചുമതലപ്പെടുത്തി.

ശ്രീമതി. വിജയകുമാരി അമ്മ. ജി. യെ തിരികെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിലേയ്ക്ക് ശ്രീമതി. പി.എസ്. ശ്രീജയയെ റിവർട്ട് ചെയ്യുന്നതിന് അനുവദിച്ചുകൊണ്ടുള്ള ബഹു. ഹൈക്കോടതിയുടെ പരാമർശം 3 ഉത്തരവ് ലഭിച്ചു.

(മറുപുറം)

ബോർഡ് ടി വിഷയം പരിശോധിച്ച് ചർച്ച ചെയ്തു.

മാവേലിക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ശ്രീമതി. പി.എസ്. ശ്രീജയയെ ജൂനിയർ സൂപ്രണ്ട്/സ്പെഷ്യൽ ഗ്രേഡ് സബ്ഗ്രൂപ്പ് ഓഫീസർ തസ്തികയിലേക്ക് റിവർട്ട് ചെയ്ത് ശ്രീമതി. വിജയകുമാരി അമ്മ. ജി യെ മാവേലിക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറായി സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിന് വേണ്ടി

Sd/-

സെക്രട്ടറി

പകർപ്പ് :-

1. ദേവസ്വം കമ്മീഷണർ - നടപടിക്കായി
2. എല്ലാ ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
3. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്
4. ലാ ആഫീസർ - നടപടിക്കായി
5. ശ്രീമതി. വിജയകുമാരി അമ്മ. ജി, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, മാവേലിക്കര ഗ്രൂപ്പ് (ലീവിൽ)
6. ശ്രീമതി. പി.എസ്. ശ്രീജയ, അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, മാവേലിക്കര ഗ്രൂപ്പ്
7. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, മാവേലിക്കര ഗ്രൂപ്പ്
8. ലെയ്സൺ ആഫീസർ, എറണാകുളം- നടപടിക്കായി
9. എസ്റ്റാ-2 സെക്ഷൻ, ബോർഡ് ആഫീസ്
10. ഇ.ഡി.പി. സെക്ഷൻ
11. സെക്ഷൻ ഫയൽ
12. ഫയൽ ബുക്ക്
13. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK